ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സ്റ്റിയറിംഗ് ഡ്യൂട്ടിയാണോ ഓവറാൾ ടൈം ആണോ എന്നുള്ളതിനെപ്പറ്റി തർക്കം ഉണ്ടായിട്ടുള്ളതുകൊണ്ട് ആ തർക്കം അഡ്ജൂഡിക്കേഷനു വിട്ടിരിക്കുകയാണ്.

ജൂഡീഷ്യറി എക്സിക്യൂട്ടീവ് വിഭജനം.

* 327. [25] ശ്രീ. എൻ. രാഘവക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ജൂഡീഷ്യറി എക്സിക്യൂട്ടീവുവിഭജനം നടപ്പിലാക്കിയോ; നടപ്പിലാക്കിയെങ്കിൽ എന്നുമുതൽ ;

(ബി) സിവിൽ ജൂഡീഷ്യറിയിലെ ഉദ്യോഗസ്ഥന്മാരുടെ നിയമനം, സ്ഥലംമാറ്റം, ഉദ്യോഗക്കയറ്റം ഇവയൊക്ക നിയന്ത്രിക്കുന്നത് ആരാണ്;

(സി) ക്രിമിനൽ ജൂഡീഷ്യറിയിലെ ഉദ്യോഗസ്ഥന്മാരുടെ നിയമനവും, സ്ഥലംമാറ്റം, ഉദ്യോഗക്കയറ്റം ഇവ നിയന്ത്രിക്കുന്നത് ആരാണ് ;

(ഡി) സിവിൽ ജൂഡീഷ്യറിയുടെ മേലും, ക്രിമിനൽ ജൂഡീഷ്യറിയുടെ മേലും ഹൈക്കോടതിക്കുള്ള നിയന്ത്രണാധികാരത്തിൽ വ്യത്യാസം വരുത്തിയിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തൊ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 1955 മേയ്മാസം 1–ാംതീയതിമുതൽ ജൂഡീഷ്യറിയും എക്സിക്യൂട്ടീവും തമ്മിലുള്ള വിഭജനം നടപ്പിൽ വന്നിട്ടുണ്ട്.

(ബി) സിവിൽ ജൂഡീഷ്യൽ ഉദ്യോഗസ്ഥന്മാരുടെ നിയമനം, സ്ഥലംമാറ്റം, ഉദ്യോഗക്കയറ്റം ഇവകളെ നിയന്ത്രിക്കുന്നത് ഹൈക്കോടതിയുടെ സൂപ്പർവിഷനിലേക്ക് ഗവണ്മെൻറാണ്.

(സി) ക്രിമിനൽ ജൂഡീഷ്യറി ഉദ്യോഗസ്ഥന്മാരുടെ നിയമനം, സ്ഥലംമാറ്റം, ഉദ്യോഗക്കയറ്റം ഇവകളെ നിയന്ത്രിക്കുന്നതും മുമ്പു പറഞ്ഞതുപോലെതന്നെയാണ്.

(ഡി) വ്യത്യാസം ഒന്നുമില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : സെപ്പറേഷൻ നടത്തിയകാലത്ത് ക്രിമിനൽ ജൂഡീഷ്യറിയിലെ ആഫീസറന്മാരെ നിയമിച്ചതു ഹൈക്കോടതിയുടെ സൂപ്പർവിഷനനുസരിച്ചാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തുടങ്ങിയ കാലത്ത് എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരേയും ജൂഡീഷ്യൽ ഉദ്യോഗസ്ഥന്മാരേയും വേർതിരിക്കുന്ന ആദ്യനടപടി ഹൈക്കോടതിയുടെ അഭിപ്രായത്തോടുകൂടി ഗവണ്മെൻറ് നടത്തി. പിന്നീട് ഹൈക്കോടതിക്കു വിട്ടുകൊടുത്തിരിക്കയാണ്,

LIBRARY ARCHIVES Kerala Legislative Assembly